പതിനാലാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി

## (2019-21)

## ഇരുപത്തിഒൻപതാമത് റിപ്പോർട്ട്

[പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി സംബന്ധിച്ച്]

(2021 ജനുവരി മാസം ..20.. തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

# പതിനാലാം കേരള നിയമസഭ

## എസ്റ്റിമേറ്റ്സ് കമ്മിറ്റി

## (2019- 2021)

## ഇരുപത്തിഒൻപതാമത് റിപ്പോർട്ട്

[പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി സംബന്ധിച്ച്]

# ഉള്ളടക്കം


| | | |
|---|---|---|
| സമിതിയുടെ ഘടന | - | v |
| മുഖവുര | - | vii |
| റിപ്പോർട്ട് | - | 1 |

എസ്റ്റിമേറ്റ്സ് കമ്മിറ്റി

(2019-2021)

**ഘടന**

<u>അദ്ധ്യക്ഷൻ :</u>

ശ്രീ. എസ്. ശർമ്മ

<u>അംഗങ്ങൾ :</u>

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. ബി. ഡി. ദേവസ്സി

ശ്രീ. ജി. എസ്. ജയലാൽ

ശ്രീ. കെ. സി. ജോസഫ്

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. കെ. രാജൻ

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. സി. കെ. ശശീന്ദ്രൻ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ദീപക് എസ്. വി., അണ്ടർ സെക്രട്ടറി

## മുഖവുര

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി സംബന്ധിച്ച് പഠനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി മാസം ...13-ാം തീയതി ചേർന്ന കമ്മിറ്റിയാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

തിരുവനന്തപുരം
2021, ജനുവരി 13..

എസ്. ശർമ്മ
അദ്ധ്യക്ഷൻ
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

## റിപ്പോർട്ട്

ഒരു നാടിന്റെ സംസ്കാരത്തിന്റെ അടിസ്ഥാനം അവിടത്തെ വിദ്യാഭ്യാസ സമ്പ്രദായമാണ്. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ശ്രേഷ്ഠമായ സംസ്കാരമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുവാൻ സാധിക്കുകയുള്ളൂ. ഒരു പ്രദേശത്തെ ജനങ്ങളുടെ ഭൗതികമായ അഭിവൃദ്ധിയും, ജീവിതരീതിയും, മൂല്യബോധവും രൂപപ്പെടുത്തിയെടുക്കുന്നതിൽ വിദ്യാഭ്യാസത്തിന് സുപ്രധാനമായ പങ്കുണ്ട്.

2. ഭാവി തലമുറയെ സാമൂഹികബോധമുള്ള പൗരന്മാരായി വാർത്തെടുക്കുന്നതിൽ വിദ്യാലയങ്ങൾ മുഖ്യ പങ്ക് വഹിക്കുന്നു. തന്റെ മുന്നിലിരിക്കുന്ന ഓരോ കുട്ടിയും തന്റെ കുട്ടിയാണെന്നു കണ്ട് അവനെ യഥാർത്ഥ മനുഷ്യനായി വളർത്താനുള്ള പ്രവർത്തനത്തിൽ ഓരോ അധ്യാപകനും അക്ഷീണം പരിശ്രമിക്കേണ്ടതുണ്ട്. ഓരോ കുട്ടിയുടെയും കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞ് വേണ്ട പ്രോത്സാഹനം നൽകി അവരെ മുഖ്യധാരയിൽ എത്തിക്കേണ്ടതുണ്ട്. കുട്ടികളെ സമൂഹത്തിൽ സമൂഹം ആഗ്രഹിക്കുന്ന തരത്തിൽ ജീവിക്കുന്നതിന് പ്രാപ്തരാക്കേണ്ട ചുമതല കൂടി വിദ്യാലയങ്ങൾക്കുണ്ട്. പാഠപുസ്തകത്തിൽ നിന്ന് ലഭിക്കുന്ന അറിവിനൊപ്പം മറ്റ് അറിവുകളും ക്ലാസ് മുറികളിൽ നിന്ന് ലഭിക്കേണ്ടതുണ്ട്. ചുറ്റുപാട്, നാട്, ലോകം എന്നിവയെക്കുറിച്ച് മനസ്സിലാക്കുന്നതിനും, വ്യത്യസ്ത സാഹചര്യങ്ങളെ നേരിടേണ്ടി വരുമ്പോൾ വ്യക്തമായ നിലപാടുകൾ സ്വീകരിക്കത്തക്കവിധം ആത്മവിശ്വാസം കൈവരിക്കുന്നതിനും ഒരു പരിധി വരെ ക്ലാസ് മുറികളിൽ നിന്നുള്ള അനുഭവങ്ങൾ കുട്ടികളെ സഹായിക്കുന്നു. അതിനാൽ തന്നെ നാടിന്റെ ഭാവി സുരക്ഷിതമാക്കുന്നതിൽ വിദ്യാലയങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. വിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങൾ ഉണ്ടാകേണ്ടത് അത്യാവശ്യമാണെന്നിരിക്കെ ടി മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ ലക്ഷ്യമിട്ട് രൂപം കൊടുത്ത പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി അതീവ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്.

3. നവകേരള മിഷന്റെ ഭാഗമായി വിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുക, വിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക എന്നീ ലക്ഷ്യങ്ങളോടെ

2017 ജനുവരി 27 ന് ആരംഭിച്ച പദ്ധതിയാണ് "പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം". കുട്ടികളുടെ കഴിവുകളെ അടിസ്ഥാനമാക്കി പഠന രീതി പരിഷ്കരിക്കുന്ന സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയാണിത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്ന കാഴ്ചപ്പാടിൽ ഊന്നിക്കൊണ്ട് 12-ാം ക്ലാസ് വരെ ഗുണമേന്മയുള്ള വിദ്യാഭ്യാസം പ്രസ്തുത പദ്ധതിയിലൂടെ ഉറപ്പാക്കുന്നു. നീതി ആയോഗിന്റെ 2019 ലെ റിപ്പോർട്ട് അനുസരിച്ച് കേരളം വിദ്യാഭ്യാസ ഗുണതാ സൂചികയിൽ നൂറിൽ 82.17 മാർക്ക് നേടി ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. ഇക്കാലയളവിൽ പൊതു വിദ്യാഭ്യാസ മേഖല ചരിത്രപരമായ നേട്ടമാണ് കൈവരിച്ചിരിക്കുന്നത്. അഞ്ചര ലക്ഷം കുട്ടികൾ പുതുതായി പൊതുവിദ്യാഭ്യസ മേഖലയിൽ വന്നു ചേർന്നിരിക്കുന്നു. ക്ലാസ്സുകൾ മുഴുവൻ ഹൈടെക്കാക്കിയ ആദ്യ സംസ്ഥാനമായി കേരളം. 24.09.2020-ലെ സമിതി യോഗം സംസ്ഥാന ഗവൺമെന്റിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സമിതി നടത്തിയ നിരീക്ഷണങ്ങളുടെയും ലഭ്യമാക്കിയ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

4. പൊതുവിദ്യാലയങ്ങളിലെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും നൈസർഗികമായ കഴിവുകൾ കണ്ടെത്തി അഭിരുചിയ്ക്കനുസൃതമായി അവയെ പരമാവധി വികസിപ്പിക്കാനുള്ള പൊതുഇടങ്ങളായി വിദ്യാലയങ്ങളെ മാറ്റുകയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം ലക്ഷ്യമാക്കുന്നത്. വിദ്യാർത്ഥികളുടെ അറിവ്, കഴിവ്, നൈപുണി, മനോഭാവം എന്നിവ ഏറ്റവും ഉയർന്ന തലത്തിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ പഠന ബോധന പ്രക്രിയയുടെ ഗുണനിലവാരം അന്തർദേശീയതല നിലവാരത്തിലേക്ക് മെച്ചപ്പെടുത്തുകയും കെട്ടിടമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ, നൂതന വിവര സാങ്കേതികവിദ്യാ സൗകര്യങ്ങൾ എന്നിവ ഓരോ വിദ്യാലയങ്ങളിലും ഉറപ്പു വരുത്തുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. സ്കൂൾ മാനേജ്മെന്റ് കമ്മിറ്റികൾ, അദ്ധ്യാപക രക്ഷാകർതൃ സമിതി, പൂർവ്വവിദ്യാർത്ഥി സംഘടനകൾ തുടങ്ങി വിവിധ സംഘടനകളുടെയും പൊതുസമൂഹത്തിന്റെയും

ബൗദ്ധികവും സാമ്പത്തികവുമായ സഹായവും പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളുടെ ഏകോപിതമായ പ്രവർത്തനവും സംയോജിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. പ്രീപ്രൈമറി മുതൽ ഹയർ സെക്കൻഡറി വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് ഓരോ ക്ലാസിലും കൈവരിക്കേണ്ട ശേഷികളും ധാരണകളും നേടി അന്തർദേശീയ നിലവാരത്തിൽ സ്കൂൾ പഠനം പൂർത്തിയാക്കുന്നതിനുള്ള സംവിധാനം അഞ്ചു വർഷത്തിനുള്ളിൽ പൊതുവിദ്യാലയങ്ങളിൽ ഉറപ്പു വരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആരംഭിച്ചത്.

5. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളായി മാറ്റുക എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ആദ്യ ചുവടായി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഭൗതിക സൗകര്യ വികസനത്തെ കണക്കാക്കാം. അടിസ്ഥാന സൗകര്യ വികസനത്തിനായി 141 സ്കൂളുകൾക്ക് 3 കോടി രൂപ വീതവും 446 സ്കൂളുകൾക്ക് 5 കോടി രൂപ വീതവും കിഫ്ബി ധനസഹായം അനുവദിച്ചതായും, എയ്ഡഡ് വിദ്യാലയങ്ങൾക്ക് ചലഞ്ച് ഫണ്ട് പദ്ധതി നടപ്പാക്കിയതായും, 52 വിദ്യാലയങ്ങൾക്ക് നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 104 കോടി രൂപ അനുവദിച്ചതായും, പ്ലാൻ ഫണ്ടിലൂടെ അറുനൂറിലധികം വിദ്യാലയങ്ങളിൽ ഭൗതിക സൗകര്യ വികസനം നടന്നു വരുന്നതായും സമിതി മനസിലാക്കുന്നു. കിഫ്ബിയുടെ 5 കോടി രൂപ ധനസഹായത്തോടെ ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ വീതം 141 സ്കൂളുകളിലെ ഭൗതിക സൗകര്യ വികസനം നടപ്പാക്കുന്നതിൽ 60 വിദ്യാലയങ്ങളുടെ കെട്ടിട നിർമ്മാണം പൂർത്തിയാക്കിയതായി സമിതി മനസ്സിലാക്കുന്നു. പൊതുവിദ്യാലയങ്ങളുടെ ഭൗതിക സൗകര്യ വികസനത്തിന്റെ ഭാഗമായി നടന്നു വരുന്ന നിർമ്മാണ പ്രവർത്തനങ്ങളിൽ ഇനി പൂർത്തിയാക്കാനുള്ള വിദ്യാലയങ്ങളുടെ കെട്ടിട നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കെട്ടിട നിർമ്മാണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. കിഫ്ബിയുടെ 3 കോടി രൂപ ധനസഹായത്തോടെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന

213 സ്കൂളുകളെ തെരഞ്ഞെടുത്തതിൽ 3 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കുന്നു. ബാക്കിയുള്ള വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിലെ കാലവിളംബം ഒഴിവാക്കണമെന്നും എല്ലാ വിദ്യാലയങ്ങളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ 166 സ്കൂളുകൾക്ക് 3 കോടി രൂപയും അഞ്ഞൂറിനും ആയിരത്തിനും ഇടയിൽ കുട്ടികളുള്ള 446 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒരു കോടി രൂപയും ഭരണാനുമതി ലഭിച്ചതായും മൂന്ന് കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി ഇൻകലിനെയും ഒരു കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള SPV ആയി കിലയെയും ചുമതലപ്പെടുത്തി സ്കൂളുകളുടെ സർവ്വെ നടത്തി ഡി.പി.ആർ. തയ്യാറാക്കി വരുന്നതായും സമിതി മനസിലാക്കുന്നു. 'പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി' സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഇൻകലിനെയും കിലയെയും ചുമതലപ്പെടുത്തിയിട്ടുള്ള എല്ലാ വിദ്യാലയങ്ങളുടെയും സർവ്വെ പൂർത്തിയാക്കി ഡി. പി. ആർ. കാലതാമസം കൂടാതെ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുന്നതിനും, പ്രസ്തുത സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കുന്നതിനും, കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടും നബാർഡ് ഫണ്ടും ഉപയോഗിച്ച് നിർമ്മിക്കുന്ന വിദ്യാലയങ്ങളുടെ കെട്ടിട നിർമ്മാണവും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും, ആവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനായി നടപ്പാക്കിയ പദ്ധതിയാണ് സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ്മുറി (ഹൈടെക് ക്ലാസ് റൂം) പദ്ധതി. ഇതിന്റെ ഭാഗമായി 8 മുതൽ 12 വരെയുള്ള 4752 സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിലെ 45000 ക്ലാസ് മുറികൾ

ഹൈടെക് ആക്കിയതായും, ബ്രോഡ്ബാന്റ് ശൃംഖലയും ഇന്ററാക്ടീവ് വീഡിയോ കോൺഫറൻസിംഗ് സംവിധാനവും സ്കൂളുകളിൽ ഏർപ്പെടുത്തിയതായും സമിതി മനസ്സിലാക്കുന്നു. പ്രൈമറി, അപ്പർ പ്രൈമറി സ്കൂളുകളിൽ ഹൈടെക്‌വൽക്കരണത്തിന്റെ ഭാഗമായി ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ലാപ്ടോപ്പ് പ്രൊജക്ടർ, വെബ്ക്യാം, യു.എസ്.ബി. സ്പീക്കർ മൗണ്ടിംഗ് കിറ്റ് തുടങ്ങിയ ഉപകരണങ്ങൾ കൈറ്റ് മുഖേന സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. ഹൈടെക് സ്കൂൾ എന്ന സങ്കൽപ്പം യാഥാർത്ഥ്യമായതോടെ വിരൽത്തുമ്പ് കൊണ്ട് അറിവിനെ സ്വീകരിക്കുവാൻ ഓരോ സ്കൂളും സജ്ജമായിട്ടുമുണ്ട്.

9. ഹൈടെക് ക്ലാസ്മുറി പദ്ധതി പ്രകാരം ഓരോ സ്കൂളിനും ലഭ്യമാക്കിയിട്ടുള്ള ഉപകരണങ്ങൾ കുട്ടികളുടെ പഠനത്തിനായി പരമാവധി ഉപയോഗിക്കുമ്പോൾ മാത്രമേ പദ്ധതി കൊണ്ട് ഉദ്ദേശിച്ച ഫലം ഉണ്ടാവുകയുള്ളൂ എന്നതിനാൽ ഹൈടെക് ക്ലാസ് റൂമുകൾ പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടത് അത്യാവശ്യമാണ്. ഓരോ സ്കൂളുകളിലും ഹൈടെക് ക്ലാസ് റൂം പദ്ധതിയുടെ ഭാഗമായി ലഭ്യമാക്കിയിട്ടുള്ള ഉപകരണങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി കൃത്യമായ പരിശോധനകൾ നടത്തേണ്ടതാണെന്നും, വിഭവങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്താത്ത സ്കൂളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

10. മഹത്തരവും ബൃഹത്തായതുമായ ഈ യജ്ഞത്തിന് സർക്കാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, കിഫ്ബി, സന്നദ്ധ സംഘടനകൾ, വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ ധനസഹായത്തോടെ കോടിക്കണക്കിന് രൂപയുടെ നിക്ഷേപമാണ് ആധുനിക ഹൈടെക് ഉപകരണങ്ങൾക്കായി വിനിയോഗിച്ചിട്ടുള്ളത്. ഉപകരണങ്ങളുടെ ശാസ്ത്രീയമായ ഉപയോഗം ഉറപ്പാക്കേണ്ടത് ഇവയുടെ ദീർഘ കാലത്തെ ആയുസ്സിന് അനിവാര്യ ഘടകമാണ്. കൂടാതെ, പ്രസ്തുത ഇലക്ട്രോണിക്സ് ഇലക്ട്രിക്കൽ ഉപകരണങ്ങൾ, നിർമ്മാതാക്കൾ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ പാലിച്ച് സംരക്ഷിക്കേണ്ടതും അത്യാന്താപേക്ഷിതമാണ്. അതിനാൽ

കമ്പ്യൂട്ടർ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും, സമയാസമയങ്ങളിൽ ആവശ്യമായ മെയിന്റനൻസ് നടത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇവയുടെ ശാസ്ത്രീയമായ ഉപയോഗത്തിന് മതിയായ സാങ്കേതികവിദ്യാ വിദഗ്ധരുടെ സേവനവും ഉറപ്പാക്കേണ്ടതാണ്. വിവര സാങ്കേതിക വിദ്യയുടെ ദൈനംദിന മാറ്റങ്ങൾക്കനുസരിച്ച് ഉപകരണങ്ങൾ നാളതീകരിക്കേണ്ടതാണ്.

11. ആധുനിക സാങ്കേതിക സൗകര്യങ്ങളിലൂടെ വിദ്യ പ്രദാനം ചെയ്യപ്പെടുമ്പോൾ അവ സ്വായത്തമാക്കാനും സമയാസമയങ്ങളിൽ പരിഷ്കരിക്കാനുമുള്ള (റിവൈസ്) പശ്ചാത്തല സൗകര്യം വിദ്യാർത്ഥികൾക്ക് ലഭ്യമാണോയെന്ന് പരിശോധിക്കുകയും അവ എല്ലാ വിദ്യാർത്ഥികൾക്കും പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പഠനോപകരണങ്ങളുടെ ലഭ്യതയും പ്രവർത്തനക്ഷമതയും കാലാകാലങ്ങളിൽ ഉറപ്പു വരുത്തുവാനുള്ള സംവിധാനവും ഏർപ്പെടുത്തേണ്ടതാണ്.

12. ആധുനിക വിവര സാങ്കേതികവിദ്യാ സംവിധാനങ്ങൾ പഠനോപാധിയായി സ്വീകരിച്ച് വിദ്യ സ്വായത്തമാക്കുവാൻ സ്മാർട്ട് ഫോണുകൾ അവിഭാജ്യ ഘടകമായി മാറിയിരിക്കുകയാണ്. പഠനത്തിനായി അദ്ധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും അസാന്നിദ്ധ്യത്തിലുള്ള സ്മാർട്ട് ഫോണുകളുടെ ദുരുപയോഗ സാധ്യത വളരെ വലുതാണ്. വിദ്യാർത്ഥികളുടെ കൈകളിലെത്തുന്ന സ്മാർട്ട് ഫോണുകളുടെ ഉപയോഗം നിരീക്ഷണ വിധേയമാക്കപ്പെടേണ്ട സാഹചര്യവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ആയതിനാൽ സ്മാർട്ട് ഫോണുകൾ ശരിയായി ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയും ദുരുപയോഗിക്കപ്പെടുമ്പോൾ സംഭവിക്കാവുന്ന അപകടങ്ങളെയും സംബന്ധിച്ചും വിദ്യാർത്ഥികളിൽ വ്യക്തമായ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ഗുരുകുല വിദ്യാഭ്യാസത്തിലും കുടിപ്പള്ളിക്കൂടങ്ങളിലും പഠനോപാധികളായി സ്വീകരിച്ച താളിയോലകളിൽ നിന്ന് പാഠപുസ്തകങ്ങളിലേക്ക് മറ്റും മാറിയ നമ്മൾ മേൽപ്പറഞ്ഞ വൻകിട നിക്ഷേപങ്ങളിലൂടെ നിരവധി ഇലക്ട്രോണിക്സ് ഇലക്ട്രിക്കൽ

ഉപകരണങ്ങളാണ് വാങ്ങുന്നത്. കാലക്രമത്തിൽ ഇവ കേടാകുകയോ ആധുനികവത്ക്കരിക്കപ്പെടുകയോ ചെയ്യുമ്പോൾ ഇവയുടെ സംസ്കരണം ഭാവിയിൽ നേരിടുന്ന വലിയ വെല്ലുവിളിയായിരിക്കുമെന്ന് സമിതി കരുതുന്നു. ലോകം ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണല്ലോ ഇ-മാലിന്യ സംസ്കരണം. ഉപയോഗ ശൂന്യമായ ഇ-മാലിന്യങ്ങൾ സ്കൂൾ പരിസരത്തും മറ്റും കൂട്ടിയിടുവാനോ അധികൃതർക്ക് തോന്നുന്നവിധം കൊണ്ടു തള്ളാനോ ഉള്ള സാധ്യത കാണുന്നു. അതിനാൽ ഇ-മാലിന്യ സംസ്കരണത്തിനുള്ള ഒരു മാസ്റ്റർ പ്ലാൻ വിദ്യാഭ്യാസ വകുപ്പ് നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

14. ഹൈടെക് ക്ലാസ്സും പോലെയുള്ള പദ്ധതികൾ ഫലപ്രദമാകുന്നതിനായി അധ്യാപകർക്ക് ശരിയായ കമ്പ്യൂട്ടർ പരിശീലനം ലഭിക്കേണ്ടതുണ്ട്. ക്ലാസ് മുറികൾ പൂർണമായും ഹൈടെക് ആകുന്ന സാഹചര്യത്തിൽ ഓരോ വിഷയത്തിലും ഐടി. എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന് അധ്യാപകന് ബോധ്യം ഉണ്ടായാൽ വിഷയ പഠനത്തിനുള്ള സാധ്യത വിവരണാതീതമാകും. ഇതിനായി അധ്യാപകരെ സജ്ജരാക്കേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തോടനുബന്ധിച്ച് അധ്യാപകർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകിയിരുന്നെങ്കിലും അത് പര്യാപ്തമല്ല എന്ന് സമിതി നിരീക്ഷിക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കൻഡറി തലത്തിൽ നൽകിയതുപോലെ പ്രൈമറി, അപ്പർ പ്രൈമറി തലങ്ങളിൽ അധ്യാപകർക്ക് കൂടുതൽ പരിശീലനം നൽകേണ്ടതുണ്ട്. കോവിഡ് മൂലം സ്കൂളുകളിൽ അധ്യയനം നടക്കാത്ത സാഹചര്യത്തിൽ അധ്യാപകർക്ക് മികച്ച പരിശീലനം നൽകുവാൻ വേണ്ടത്ര സമയം ലഭ്യമാണെന്നതിനാൽ അധ്യാപകരുടെ ഐ. ടി. പരിശീലനത്തിനായും, അധ്യാപന നിലവാരം മെച്ചപ്പെടുത്തുന്നതിനായുള്ള പരിശീലനങ്ങൾക്കായും ഈ കാലഘട്ടം പരമാവധി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. പഠന പ്രബോധന പ്രവർത്തനങ്ങൾ ക്ലാസ് മുറികളിൽ മാത്രം ഒതുക്കാതെ പ്രകൃതിയെത്തന്നെ ഏറ്റവും നല്ല പഠനോപാധിയാക്കി മാറ്റുന്നതിലൂടെ വസ്തുതകൾ നേരിട്ട്

കണ്ട് മനസിലാക്കുന്നതിനും, മറ്റുള്ളവരോടൊപ്പം ഇടപഴകുന്നതിനും, പ്രകൃതിയെ സ്നേഹിക്കുന്നതിനും, വ്യക്തിത്വ വികസനത്തിനും ഉള്ള അവസരം കുട്ടിക്ക് ലഭിക്കുന്നു. അതിനാൽ സ്കൂളുകളിൽ നടപ്പാക്കിയ ജൈവ വൈവിധ്യോദ്യാനം പദ്ധതിക്ക് ഏറെ പ്രാധാന്യമുണ്ട്. എല്ലാ സ്കൂളുകളിലും ജൈവ വൈവിധ്യ ഉദ്യാനം ഉണ്ടാകേണ്ടതും നിലനിർത്തേണ്ടതും അത്യാവശ്യമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ജൈവവൈവിധ്യ ഉദ്യാനം എല്ലാ സ്കൂളുകളിലും ഉണ്ടാക്കുന്നതിനും വേണ്ട പരിചരണം നൽകി നിലനിർത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 14 ജില്ലകളിലും ഓട്ടിസം പാർക്ക് നിർമ്മിക്കാൻ തീരുമാനിക്കുകയും, ഒന്നാം ഘട്ടമെന്ന നിലയിൽ 8 സ്കൂളുകളിൽ പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിക്കുകയും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ ആർക്കിടെക്ചർ വിഭാഗം ഓട്ടിസം പാർക്കിന് അനുയോജ്യമായ 3 മോഡൽ പ്ലാനുകൾ തയ്യാറാക്കുകയും ഓരോ സ്ഥലത്തിനും അനുയോജ്യമായ മാറ്റങ്ങളോടു കൂടി നിർമ്മാണം നടത്തുന്നതിന് പി.ഡബ്ല്യു.ഡി. ക്ക് നിർദ്ദേശം നൽകുകയും ചെയ്തതായി സമിതി മനസ്സിലാക്കുന്നു. ഓട്ടിസം പാർക്കുകളുടെ നിർമ്മാണം പൂർത്തിയായി പ്രവർത്തനമാരംഭിക്കുന്നതോടെ ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ശരിയായ പരിശീലനവും കൃത്യമായ മേൽനോട്ടവും ലഭിക്കുമെന്നതിനാൽ, ഈ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കും അവരുടെ രക്ഷാകർത്താക്കൾക്കും ഏറെ പ്രയോജനം ലഭിക്കുമെന്ന് സമിതി നിരീക്ഷിക്കുന്നു. അതിനാൽ എല്ലാ ജില്ലകളിലെയും ഓട്ടിസം പാർക്കുകളുടെ നിർമ്മാണം കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. നിലവിൽ ലക്ഷ്യമിട്ടിട്ടുള്ള ഓട്ടിസം പാർക്കുകളുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക്, അത്യന്താപേക്ഷിതമായ മറ്റ് സ്ഥലങ്ങളിൽ കൂടി ഇവ സ്ഥാപിക്കുന്നത് പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. സ്കൂൾ ക്ലാസ് ലൈബ്രറികളെ ശക്തിപ്പെടുത്തുന്നതിനും എല്ലാ വിഷയങ്ങളുടെയും പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സഹായകമായ പാഠപുസ്തകങ്ങളും റഫറൻസ് സാമഗ്രികളും ക്ലാസ് / സ്കൂൾ ലൈബ്രറികളിൽ ലഭ്യമാക്കുന്നതിനായി സ്കൂൾ / ക്ലാസ് ലൈബ്രറി വികസനം നടപ്പാക്കുന്നതായി സമിതി മനസ്സിലാക്കുന്നു. രക്ഷിതാക്കളെ കൂടി സജീവ പങ്കാളികളാക്കിക്കൊണ്ട് ജനകീയ സഹകരണത്തോടെ നടപ്പാക്കുന്ന ഈ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ മുഴുവൻ ക്ലാസ് മുറികളിലും ലൈബ്രറികൾ സ്ഥാപിച്ചതായും സമിതി മനസ്സിലാക്കുന്നു. ഇത്തരത്തിൽ ജനകീയ പങ്കാളിത്തത്തോടെ മറ്റ് ജില്ലകളിലുള്ള എല്ലാ സ്കൂളുകളിലെയും മുഴുവൻ ക്ലാസ് മുറികളിലും ലൈബ്രറികൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വ്യാപിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇ-ലൈബ്രറി സംവിധാനം ഏർപ്പെടുത്താൻ സാധിക്കുന്ന സ്കൂകളിൽ അവ സ്ഥാപിക്കുന്നതിനും, ലൈബ്രറികളിൽ മഹദ് ഗ്രന്ഥങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാനും സമിതി ശിപാർശ ചെയ്യുന്നു. വൈജ്ഞാനിക വിസ്ഫോടനത്തിന്റെ സമകാലീന സാഹചര്യത്തിൽ വിജ്ഞാന സമ്പാദന കാര്യത്തിൽ വിദ്യാർത്ഥികൾ ബഹുദൂരം മുന്നിലും ജ്ഞാനോപാധികൾ വിരൽ തുമ്പിലുമാണ്. എന്നാൽ വിദ്യാർത്ഥികളിൽ വായനാശീലം താരതമ്യേന കുറവാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ കേവലം പാഠ്യ വിഷയങ്ങളിൽ മാത്രമൊതുങ്ങിയുള്ള വായനക്ക് ഉപരിയായുള്ള ഒരു പുതിയ വായനാ സംസ്കാരം ഉയർത്തിക്കൊണ്ടുവാൻ പ്രത്യേകം ശ്രദ്ധ ചെലുത്തുകയും വിപുലമായ ലൈബ്രറി, ഇ-ലൈബ്രറി ഉൾപ്പെടെ വിദ്യാർഥത്ഥികൾ ഉപയോഗപ്പെടുത്തുന്നുവെന്ന് ഉറപ്പു വരുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. പൊതുവിദ്യാലയങ്ങളിലെ കുട്ടികളിൽ ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ പ്രയോഗിക്കുന്നതിൽ പൊതുവെ ഒരു ആത്മവിശ്വാസക്കുറവ് കാണുന്നതായി മനസ്സിലാക്കുന്നു. പൊതുവിദ്യാലയങ്ങളിലെ കുട്ടികളെ ത്രിഭാഷാ നൈപുണ്യ-മുള്ളവരാക്കി മാറ്റേണ്ടതുണ്ട്. പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞത്തോടനുബന്ധിച്ചുള്ള ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി എന്നീ ഭാഷാ പരിപോഷണ പരിശീലന പദ്ധതികൾ

അത്തരത്തിലുള്ള ഒരു കാൽവയ്പ്പ് ആണെന്നു കരുതുന്നു. അടുത്ത അധ്യയന വർഷം മുതൽ ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷാടിസ്ഥാനത്തിലുള്ള കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ സ്കൂളുകൾ കൂടുതൽ വ്യാപൃതമാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. തീരദേശം, തോട്ടം മേഖല, ഗോത്ര മേഖല തുടങ്ങിയ പാർശ്വവൽകൃത മേഖലകളിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഈ മേഖലകളിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിനും കലാ, കായിക മേഖലകളിൽ പരിശീലനം നൽകുന്നതിനു സഹായിക്കേണ്ടതും, ലാബ്, ലൈബ്രറി എന്നിവ നവീകരിക്കുന്നതിനും മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ കൂടുതൽ കുട്ടികളെ സ്കൂളിലെത്തിക്കുന്നതിനും, കുട്ടികളുടെ കൊഴിഞ്ഞു പോക്ക് തടയുന്നതിനും സാധിക്കുമെന്നതിനാൽ പാർശ്വവത്കൃത മേഖലകളിലെ സ്കൂളുകൾക്ക് പ്രത്യേക പരിഗണന നൽകി കലാകായിക മേഖലകളിൽ കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും സംരഭകത്വ ശേഷി വികസന സംവിധാനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും തുടർ പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്ത് ആയവ കൃത്യമായി നടപ്പിലാക്കുന്നതിനും ഇതിനായി ബഡ്ജറ്റിൽ കൂടുതൽ തുക വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ഹൈടെക് അധ്യയന രീതിയിലേക്ക് ചുവടു മാറ്റുമ്പോൾ പഠനത്തിനായി ഇന്റർനെറ്റിനെയാണ് മുഖ്യമായി ആശ്രയിക്കേണ്ടി വരുന്നത്. കുട്ടികൾക്ക് മൊബൈൽ ഫോണുകളും ലാപ്ടോപ്പുകളും ഉപയോഗിച്ച് പഠനം നടത്തേണ്ട സാഹചര്യമുണ്ട്. കോവിഡ് മഹാമാരി മൂലം ഓൺലൈൻ ക്ലാസുകൾ മാത്രം നടക്കുന്ന ഈ കാലഘട്ടത്തിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തതിനാൽ പല വിദ്യാർത്ഥികൾക്കും യഥാസമയം പഠനം നടത്തുന്നതിനും പ്രോജക്ടുകളും പരീക്ഷണങ്ങളും നടത്തി അധ്യാപകർക്ക് സമർപ്പിക്കുന്നതിനും സാധിക്കാതെ വരുന്ന സാഹചര്യം നിലവിലുണ്ട്. കോവിഡ്

കാലത്തും അതിനു ശേഷവും പഠനത്തിന് ഇന്റർനെറ്റ് അനിവാര്യമായതിനാൽ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്റർനെറ്റ് സൗകര്യം മുടങ്ങാതിരിക്കുന്നതിനായി ഓരോ മാസവും ഒരു നിശ്ചിത അളവ് ഡാറ്റാ സൗജന്യമായോ സൗജന്യ നിരക്കിലോ ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. വിദ്യാർത്ഥികൾക്കു പാഠം പറഞ്ഞു കൊടുക്കുന്നതിനൊപ്പം അവരുടെ സ്വഭാവ രൂപീകരണത്തിനും, വ്യക്തിത്വ വികസനത്തിനും, സാമൂഹ്യ ഇടപെടലുകൾക്ക് അവരെ പ്രാപ്തരാക്കുന്നതിനും അധ്യാപകർ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നിലവിലുള്ള അധ്യാപകരെ ഉയർന്നു വരുന്ന വിദ്യാഭ്യാസ ആവശ്യകതയ്ക്കും നിലവാരത്തിനും അനുസൃതമായി പരിശീലിപ്പിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. മാറിയ സാഹചര്യങ്ങൾക്കനുസൃതമായി നൂതന പരിശീലന പരിപാടികൾ അധ്യാപകർക്കായി സംഘടിപ്പിക്കണമെന്നും തുടർ പരിശീലനങ്ങൾ ഉറപ്പാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

22. പൊതു വിദ്യാലയങ്ങൾ പോലെ തന്നെ സംസ്ഥാനത്ത് ധാരാളം സ്വകാര്യ സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. പൊതു വിദ്യാലയങ്ങളെപോലെ സ്വകാര്യ സ്കൂളുകളെയും നിരീക്ഷിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി മനസ്സിലാക്കുന്നു. സ്വകാര്യ സ്കൂളുകളിൽ പലവിധത്തിലാണ് ഫീസ് ഏർപ്പെടുത്തി വരുന്നത് മാസം പതിനായിരത്തിലധികം രൂപ ഫീസ് ഈടാക്കുന്ന സ്വകാര്യ സ്കൂളുകളും വിരളമല്ല. വിദ്യാർത്ഥികളിൽ നിന്നും അമിതമായി ഫീസ് ഈടാക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തണമെന്നും ഇതിനായി ഏകീകൃത മാനദണ്ഡം ഏർപ്പെടുത്തണമെന്നും സ്കൂളുകൾ നിയമ ലംഘനം നടത്തി അമിത ഫീസ് ഈടാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കണമെന്നും നിയമ ലംഘനം നടത്തുന്ന സ്കൂളുകൾക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

23. വൃക്ഷങ്ങൾ വീണും ചില്ലകൾ വീണും കുട്ടികൾക്ക് അപകടമോ മരണമോ ഉണ്ടായ സംഭവങ്ങൾ അപൂർവ്വമായെങ്കിലും ഉണ്ടാകാറുണ്ട്. സ്കൂളുകളിലോ പരിസരങ്ങളിലോ

അപകടാവസ്ഥയിൽ നിൽക്കുന്ന വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു സ്കൂളുകളിലെ പ്രധാന അധ്യാപകർക്ക് ഇതു സംബന്ധിച്ച് കൃത്യമായ നിർദ്ദേശം നൽകേണ്ടത് സ്കൂളുകളിൽ നടത്തുന്ന പരിശോധനകളിൽ ഇത്തരം പരിശോധനകൾകൂടി ഉൾപ്പെടുത്തി അപകടാവസ്ഥയിലുള്ള വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിനും, ആൾമറയില്ലാത്ത കിണറുകൾക്ക് ആൾമറയുണ്ടാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്നും, ഓരോ വർഷവും സ്കൂൾ തുറക്കുന്നതിനുമുൻപ് സ്കൂളുകളുടെ സുരക്ഷ പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

24. സമൂഹത്തിൽ കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ ദിനംപ്രതി വർദ്ധിച്ചു വരുന്ന സാഹചര്യമാണ് ഇന്നുള്ളത്. കുട്ടികൾ വീടുകളിലും സ്കൂളുകളിലും പോലും സുരക്ഷിതരല്ലാതാകുന്നു. സ്കൂളുകളിലെത്തുന്ന ഓരോ വിദ്യർത്ഥിയുടെയും കുടുംബപരവും വ്യക്തിപരവുമായ എല്ലാ വിവരങ്ങളും അധ്യാപകരുമായി പങ്കുവയ്ക്കുന്നതിനും കുട്ടികൾ വീടുകളിലും സമൂഹത്തിലും സുരക്ഷിതരാണെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി ഓരോ സ്കൂളിലും നിശ്ചിത കുട്ടികളെ വീതം ഒരു അധ്യാപകന് ചുമതലപ്പെടുത്തിക്കൊടുക്കേണ്ടതും, കുട്ടികൾക്ക് അധ്യാപകനുമായി മനസ്സ് തുറന്ന് സംസാരിക്കാനുള്ള അവസരം നൽകേണ്ടതും, കുട്ടികളിൽ നിന്നും വീട്, ചുറ്റുപാട്, സൗഹൃദങ്ങൾ തുടങ്ങി എല്ലാ വിവരങ്ങളും അധ്യാപകൻ ചോദിച്ച് മനസിലാക്കേണ്ടതും, ഈ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അത്യാവശ്യമാണ്. കുട്ടികൾക്ക് ആവശ്യമായ ഉപദേശങ്ങൾ അധ്യാപകർ നൽകേണ്ടതും, ആവശ്യമുള്ള പക്ഷം കുട്ടിക്ക് കൗൺസിലിംഗ് ഏർപ്പെടുത്തേണ്ടതുമാണ് . ഇത്തരം നടപടികൾ ഉൾപ്പെടുത്തി മെന്ററിംഗ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. കുട്ടികൾക്ക് സ്കൂളിൽ കളികൾക്കിടയിലും മറ്റും പരിക്കുകൾ ഉണ്ടാകുവാനുള്ള സാധ്യതയുണ്ട്. അതിനാൽ തന്നെ ഫസ്റ്റ് എയ്ഡ് സംവിധാനം എല്ലാ സ്കൂളുകളിലും കാര്യക്ഷമമാക്കേണ്ടതുണ്ട്. ചെറിയ അപകടങ്ങൾക്ക് ശുശ്രൂഷ നൽകുന്നതിനുള്ള

ട്രെയിനിംഗ് അധ്യാപകർക്ക് നൽകേണ്ടതുണ്ട്. കൂടാതെ പരിക്ക് മൂലമോ രോഗം മൂലമോ ആശുപത്രിയിലെത്തിക്കേണ്ട സാഹചര്യം ഉണ്ടായാൽ രക്ഷാകർത്താക്കളെ കാത്തു നിൽക്കാതെ ഉടൻ തന്നെ കുട്ടിയെ ആശുപത്രിയിലെത്തിക്കേണ്ടതുണ്ട്. കുട്ടികളുടെ സുരക്ഷ കണക്കിലെടുത്ത് ഇത്തരം നടപടികൾ എല്ലാ സ്കൂളുകളും നടപ്പാക്കുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതും, വീഴ്ച വരുത്തുന്നവർക്കെതിരെ മാതൃകാപരമായ ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. അത്യാധുനിക സൗകര്യങ്ങളുള്ള കെട്ടിടവും അനുബന്ധ സൗകര്യവും പഠനോപകരണങ്ങളും പരിശീലനം സിദ്ധിച്ച മികച്ച അധ്യാപകരും അടങ്ങിയ നമ്മുടെ പൊതു വിദ്യാലയങ്ങൾ അതിവേഗം അന്താരാഷ്ട്ര നിലവാരത്തിലേക്ക് കുതിക്കുകയാണ്. ഏറെ വിദ്യാലയങ്ങൾ ഇതിനോടകം തന്നെ അന്താരാഷ്ട്രാ നിലവാരം കൈവരിച്ചു കഴിഞ്ഞു. പ്രശസ്തമായ പല സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സ്വായത്തമാക്കാൻ സാധ്യമാകാത്ത നേട്ടങ്ങളാണ് നിലവിൽ സർക്കാർ വിദ്യാലയങ്ങൾ കരഗതമാക്കുന്നത് എന്നതിന്റെ തെളിവാണ് പൊതു വിദ്യാലയങ്ങളിലേയ്ക്കുള്ള വിദ്യാർത്ഥി പ്രവേശനത്തിനുള്ള വർദ്ധനവ്. സർക്കാരിന്റേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ആത്മാർത്ഥമായ ശ്രമങ്ങളെ നിരുത്സാഹപ്പെടുത്തുന്നതിനും പൊതു വിദ്യാലയങ്ങളെ ഇകഴ്ത്തിക്കാട്ടുവാനും ദോഷൈകദൃക്കുകളായ ചിലർ സമൂഹ മധ്യത്തിലുണ്ടെന്ന വസ്തുതയും നാം വിസ്മരിച്ചു കൂടാ. ചില ഒറ്റപ്പെട്ട ദൗർഭാഗ്യകരമായ സംഭവങ്ങൾ ഉയർത്തിക്കാട്ടി പൊതു വിദ്യാലയങ്ങൾ കൈവരിച്ചു കൊണ്ടിരിക്കുന്ന നേട്ടങ്ങളുടെ പ്രഭ കെടുത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളെ ജാഗ്രതയോടെ നേരിടേണ്ടതാണെന്ന് സമിതി ചൂണ്ടിക്കാട്ടുവാൻ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിലുണ്ടാകുന്ന ചെറിയ അശ്രദ്ധയ്ക്കു പോലും നാം വലിയ വില നൽകേണ്ടി വരുമെന്നത് മുൻനിർത്തി പൊതു വിദ്യാലയ പരിസരങ്ങൾ വൃത്തിഹീനമാകാതിരിക്കാനും കാടും പടർപ്പും വളർന്നും പാഴ് വസ്തുക്കൾ കൂട്ടിയിട്ടും ഇഴജന്തുക്കളുടെ താവളമായി വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ജീവന് ഭീഷണിയാകാതിരിക്കാനും സ്കൂൾ കെട്ടിടങ്ങളോട് ചേർന്ന് കൂട്ടിയിട്ടിരിക്കുന്ന കല്ലുകളും മറ്റ് പാഴ് വസ്തുക്കളും കാലാകാലങ്ങളിൽ നീക്കം ചെയ്ത് സ്കൂളിന്റെ പരിസര പ്രദേശങ്ങളിലെ കാട്

വെട്ടിത്തെളിക്കുന്നതിനും വിദ്യാലയവും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനുമുള്ള സംവിധാനം ഓരോ വിദ്യാലയത്തിലും ഏർപ്പെടുത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അദ്ധ്യാപക രക്ഷകർത്തൃ അധികൃതരും പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

27. എല്ലാവിധ ചൂഷണത്തിൽ നിന്നും, ദ്രോഹപരമായ സാഹചര്യങ്ങളിൽ നിന്നും രക്ഷനേടാനുള്ള അവകാശം കുട്ടികൾക്കുണ്ട്. കുട്ടികൾക്ക് ചിലപ്പോൾ നിയമസഹായമോ സംരക്ഷണമോ ആവശ്യമായി വന്നേയ്ക്കാം. കുട്ടികൾ നേരിടേണ്ടി വരുന്ന പ്രശ്നങ്ങളെയും, ബുദ്ധിമുട്ടുകളെക്കുറിച്ചും അവയുടെ നിയമപരമായ പരിഹാരങ്ങളെക്കുറിച്ചും, സാഹചര്യങ്ങളെ കുഞ്ഞുങ്ങളുടെ നന്മക്കായി മാറ്റാൻ കഴിയുന്ന പദ്ധതികളെക്കുറിച്ചും, അധ്യാപകർ ബോധവാൻമാരാകേണ്ടതുണ്ട്. അടിസ്ഥാന നിയമങ്ങൾ അറിയുന്നതിനും കുട്ടികളുടെ അവകാശങ്ങളും സംരക്ഷണനിയമങ്ങളും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി ഓരോപ്രദേശത്തുമുള്ള ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളുമായി ബന്ധപ്പെട്ട് സ്കൂളുകൾ മുഖേന വിദ്യാർത്ഥികൾക്കും അധ്യാപകർക്കും രക്ഷാകർത്താക്കൾക്കും ശിശു സംരക്ഷണ നിയമങ്ങൾ സംബന്ധിച്ച് ക്ലാസുകൾ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

28. അങ്കണവാടികൾ ഉൾപ്പടെയുള്ള പ്രീസ്കൂളുകൾ അതീവ പ്രധാന്യമുള്ളവയാണ്. ഓരോ കുട്ടിയുടെയും വളർച്ചയും വികാസവും തുടങ്ങുന്നത് പ്രീസ്കൂൾ തലത്തിലാണ്. കുട്ടികളുടെ കായികവും മാനസികവുമായ കഴിവുകൾ പരമാവധി വികസിപ്പിക്കുന്നതിനും സാമൂഹിക വത്കരണത്തിന് സഹായിക്കുന്നതിനും, ഉതകുന്ന ഇടങ്ങളായി പ്രീസ്കൂളുകൾ മാറേണ്ടതുണ്ട്. ആയതിനാൽ പ്രീസ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി നിലവിലുള്ള അങ്കണവാടികൾ പ്രീപ്രൈമറിസ്കൂളുകൾ എന്നിവിടങ്ങളിലെ ശിശുകേന്ദ്രീകിത സമീപനവും, പഠനരീതിയും, കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. പ്രീസ്കൂൾ തലത്തിൽ ഭൗതിക സാഹചര്യങ്ങളിലും. ശിശുസൗഹൃദ സമീപനം ഉണ്ടാകേണ്ടതാണെന്ന് സമിതി നിരീക്ഷിക്കുന്നു കുട്ടികളുടെ ഭാഷാ പരിജ്ഞാനവും

ശാരീരികവും, വൈകാരികവുമായ വികാസവും, സർഗ്ഗാത്മകതയുടെ വികാസവും, ലക്ഷ്യമാക്കിക്കൊണ്ടുള്ള പാഠ്യപദ്ധതി ആവിഷ്കരിക്കണമെന്നും ആദിവാസി മേഖലയിലടക്കം എല്ലായിടത്തും കുട്ടികൾക്ക് പ്രീസ്കൂൾ ഉണ്ടെന്ന് ഉറപ്പാക്കുന്നതിനും പ്രസ്തുത ആദിവാസി സ്കൂളുകളിൽ ഗോത്രഭാഷയിൽ പഠിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

30. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ പരിപാടിയിൽ പ്രീ പ്രൈമറി സ്കൂളുകളുടെ ഏകോപനം പ്രധാനപ്പെട്ട ഒരു ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. അങ്കണവാടികളെ കൂടി ഉൾപ്പെടുത്തികോണ്ടുള്ള ക്ലസ്റ്റർ അധിഷ്ഠിത പ്രീസ്കൂൾ എന്നത് ആധുനിക കാലത്തിന്റെ ഒരു അനിവാര്യതയായി സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത ആശയം പ്രാവർത്തികമാക്കുന്നതിന് മികച്ച ആസൂത്രണം അനിവാര്യമാണ്. ആയതിനുള്ള ശിൽപശാലകളും മാസ്റ്റർ പ്ലാനുകളും അടിയന്തരമായി തയ്യാറാക്കേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പരിപാടിയിൽ വിഭാവനം ചെയ്തിട്ടുള്ള ക്ലസ്റ്റർ അധിഷ്ഠിത പ്രീസ്കൂളുകൾ അടുത്ത അധ്യയന വർഷത്തിൽ തന്നെ യാഥാർത്ഥ്യമാക്കുന്നതിനുള്ള നടപടി ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

31. സാമൂഹികവും, മാനസികവും, സാമ്പത്തികവും, കുടുംബപരവുമായ കാരണങ്ങളാൽ ധാരാളം കുട്ടികൾ പഠനമുപേക്ഷിക്കുന്നതായി കണ്ടു വരുന്നു. ഈ പ്രവണതയുടെ ശരിയായ കാരണം കണ്ടുപിടിച്ച്, അതിനുള്ള പരിഹാരം കണ്ടെത്തി കുട്ടികളെ സ്കൂളുകളിൽ തിരികെ എത്തിക്കുന്നതിന് സ്കൂൾ തലത്തിൽ തന്നെ നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. യാതൊരു സാഹചര്യത്തിലും കുട്ടികളുടെ പഠിപ്പ് മുടങ്ങാതിരിക്കുന്നതിന് ഏതെങ്കിലും സമിതികളുടേയോ വ്യക്തികളുടേയോ സഹായത്തോടെ സ്കൂൾ തലത്തിൽ തന്നെ നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. പുതിയ തലമുറയിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കേണ്ടത് അത്യാവശ്യമാണ്. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ പച്ചക്കറി

തോട്ടം ഉണ്ടാക്കിയെടുക്കുന്നതിലൂടെ കുട്ടികൾക്ക് പ്രകൃതിയുമായി ഇഴുകിച്ചേരുന്നതിനും, വസ്തുതകൾ നേരിട്ട് മനസ്സിലാക്കുന്നതിനും സാധിക്കുന്നു മാത്രമല്ല കുട്ടികളുടെ മാനസികോല്ലാസത്തിനും കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇതിലൂടെ സാധിക്കുന്നു. സ്കൂളിന്റെ ഉച്ച ഭക്ഷണ ആവശ്യത്തിനായിത്തന്നെ ഈ പച്ചക്കറി ഉപയോഗിക്കുന്നതിനും സാധിക്കുമെന്നതിനാൽ സ്കൂളുകളിൽ ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

33. വിദേശ രാജ്യങ്ങളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതുപോലെ നമ്മുടെ പാഠ്യ പദ്ധതിയിലും തൊഴിൽ പരിശീലനം ഏർപ്പെടുത്തേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. ഇതിനായി പാഠ്യ പദ്ധതിയിൽ മാറ്റങ്ങൾ വരുത്തി ഓരോ ഘട്ടത്തിലും തൊഴിൽസംബന്ധിച്ച് അവബോധം സൃഷ്ടിച്ച് സാധ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകേണ്ടതുണ്ട്. സ്കൂൾ കാലഘട്ടത്തിൽ തന്നെ തൊഴിൽ നൈപുണി പരിശീലനങ്ങൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. പ്രളയ ബാധിത പ്രദേശത്തെ സ്കൂളുകൾ കേന്ദ്രീകരിച്ച് യുണിസെഫിന്റെ സഹായത്തോടുകൂടി ദുരന്തനിവാരണ മാർഗ്ഗങ്ങളും ജീവിത നൈപുണികവും പാഠപുസ്തകത്തിൽ ഉൾച്ചേർക്കുന്നതിനുള്ള ശിൽപശാലകൾ, വിനോദ സാന്ത്വന പരിപാടികൾ, അധ്യാപക പരിശീലനം എന്നിവ സംഘടിപ്പിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ആശയങ്ങൾ അധ്യാപകരിലും, വിദ്യാർത്ഥികളിലും, രക്ഷാകർത്താക്കളിലും എത്രത്തോളം എത്തിച്ചേർന്നിട്ടുണ്ട് എന്നതിൽ സമിതിക്ക് സംശയമുണ്ട് ആയതിനാൽ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ ആശയങ്ങൾ സംബന്ധിച്ച് ബോധവൽക്കരണം എല്ലാ സ്കൂളുകളിലും നടപ്പിലാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. മാറിവരുന്ന സാഹചര്യത്തിൽ കുട്ടികൾക്കിടയിൽ ലഹരി ഉപയോഗം ക്രമാതീതമായി വർദ്ധിക്കുന്നതായി കണ്ടു വരുന്നു. സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങൾ സുലഭമാണെന്ന വസ്തുത അംഗീകരിക്കേണ്ടതുണ്ട്. ലഹരി

വസ്തുക്കൾക്കെതിരായ മനോഭാവം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക എന്നതാണ് പ്രധാന പ്രതിവിധി. മദ്യം, ലഹരി പദാർത്ഥങ്ങൾ, സിഗരറ്റ് എന്നിവയുടെ ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ കുട്ടികൾക്ക് മനസ്സിലാകുന്ന വിധം പറഞ്ഞുകൊടുക്കേണ്ടതുണ്ട്. കുട്ടികൾക്ക് അറിയാവുന്ന വ്യക്തികളെ ഉദാഹരണമാക്കി കൊണ്ട് ദൂഷ്യവശങ്ങൾ പറഞ്ഞു മനസ്സിലാക്കി കൊടുക്കാവുന്നതും, ലഹരി വസ്തുക്കൾ മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ വ്യക്തമാക്കുന്ന ദൃശ്യങ്ങൾ കുട്ടികൾക്കു മുന്നിൽ പ്രദർശിപ്പിക്കാവുന്നതുമാണ്. കുട്ടികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി എല്ലാ സ്കൂളുകളിലും ജനകീയ സഹകരണത്തോടെ ക്ലാസുകൾ സംഘടിപ്പിക്കുന്നതിനും, സ്കൂൾ പരിസരത്ത് ലഹരി വസ്തുക്കൾ ലഭിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനും, നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ കയ്യൊഴിയാതെ അവയെ മെച്ചപ്പെടുത്തുന്നതിനുള്ള നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് സമിതി കരുതുന്നു. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളിൽ അവസ്ഥാ പഠനം നടത്തി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. പരിഹാര പ്രവർത്തനങ്ങളിൽ അധ്യാപകരുടെ ഗൃഹസന്ദർശനം, പൂർവ്വ വിദ്യാർത്ഥികൾ/PTA/സന്നദ്ധ സംഘടനകൾ / തദ്ദേശ സ്വയംഭരണ പ്രതിനിധികൾ എന്നിവരുടെയെല്ലാം സഹായം തേടാവുന്നതാണ്. ഇത്തരത്തിൽ മതിയായ കുട്ടികളില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം ഒരു സമിതി രൂപീകരിച്ച് നിരീക്ഷിക്കേണ്ടതാണ്. എല്ലാ ജില്ലകളിലും സമിതി രൂപീകരിക്കേണ്ടതുണ്ട്. മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഒരോ ആറ് മാസം കൂടുമ്പോൾ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയുടെ മേൽനോട്ടത്തിൽ വിലയിരുത്തി പരിഹാര മാർഗ്ഗങ്ങൾ കൂടുതൽ ഊർജ്ജിതമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. കോവിഡിൽ ലോകം മുഴുവൻ അടച്ചുപൂട്ടിയപ്പോഴും സ്കൂളിനെ കേരളീയ വീടുകളിലെ സ്വീകരണ മുറിയിൽ എത്തിച്ച സംസ്ഥാന പൊതു വിദ്യഭ്യാസ വകുപ്പിന്റെ ഫസ്റ്റ്ബെൽ പദ്ധതിയെ ലോകമൊട്ടാകെ ഏറ്റെടുത്ത ഒരു കാഴ്ചയാണ് നാം കണ്ടത്.

കേരളത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി നമ്മുടേതായ വഴികളിലൂടെ കോവിഡ്കാലം അധ്യപകരേയും കുട്ടികളേയും കർമ്മ നിരതരാക്കിയ പൊതു വിദ്യാഭ്യാസ വകുപ്പ് പ്രത്യേക അഭിനന്ദനം അർഹിക്കുന്നുണ്ട്. ഡിജിറ്റൽ ക്ലാസുകൾ വീക്ഷിക്കാൻ സൗകര്യമില്ലാതിരുന്ന കുട്ടിക്ക് അതിനുള്ള സൗകര്യം ഏർപ്പെടുത്താൻ കേരള സമൂഹം ഒന്നിച്ച നിന്നത് ലോകത്തെ തന്നെ അദ്ഭുതപ്പെടുത്തിയിട്ടുണ്ട്. കാലാനുസൃത മാറ്റങ്ങളോടെ ഡിജിറ്റൽ അധ്യാപനം തുടർന്നു പോകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. ജനകീയ പങ്കാളിത്തത്തോടെയുള്ള വികസന പദ്ധതിയുടെ ഏറ്റവും മികച്ച മാതൃകയായ പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി സമൂഹ പങ്കാളിത്തം വിദ്യാഭ്യാസ വികസനത്തിന്റെ എല്ലാ മേഖലകളിലും ഉറപ്പാക്കണം. എല്ലാ വിഭാഗം കുട്ടികൾക്കും നീതി ഉറപ്പാക്കിക്കൊണ്ടുള്ള ഗുണമേന്മാ വിദ്യാഭ്യാസത്തിന് നാം കൂടുതൽ ഊന്നൽ നൽകേണ്ടതുണ്ട്. സാമൂഹ്യ നീതിയിലധിഷ്ഠിതമായ അവസര സാദ്ധ്യത ഉറപ്പാക്കി ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും എന്ന ലക്ഷ്യത്തിലേക്ക് നമ്മുടെ സംവിധാനങ്ങളെയെല്ലാം കേന്ദ്രീകരിക്കുന്നതിനുള്ള നടപടികളാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന് ആധാരമാകേണ്ടത്. മികച്ച വിദ്യാഭ്യാസ സൗകര്യങ്ങൾ എല്ലാ വിഭാഗം ജനങ്ങൾക്കും ഒരുപോലെ ലഭ്യമാക്കുക വഴി സമൂഹത്തിന്റെ പുരോഗതി ലക്ഷ്യമിട്ടുകൊണ്ടുള്ള ഈ പദ്ധതി നമ്മുടെ വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റം സൃഷ്ടിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു. അക്കാദമികവും ഭൗതികവുമായ പോരായ്മകൾ പരിഹരിച്ച് ലോകത്തിന് ഉത്തമ മാതൃകയാകും വിധം നമ്മുടെ പൊതു വിദ്യാലയങ്ങൾ ഉയരങ്ങളിൽ എത്തിച്ചേരുമെന്നതിൽ സമിതി അഭിമാനിക്കുന്നു.

എസ്. ശർമ്മ,
അദ്ധ്യക്ഷൻ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2021, ജനുവരി .....

KS/13.01.2021.